| കുടിൽ | 1. വെള്ള കടലാസിൽ അപേക്ഷ 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം.<br>2. പട്ടയം/ ആധാരത്തിന്റെ പകർപ്പ്<br>3. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രസീ തിന്റെ പകർപ്പ്<br>4. കൈവശ സർട്ടിഫിക്കറ്റ്<br>5. സൈറ്റ് പ്ലാൻ (നിർമ്മിക്കുന്ന കുടിലിന്റെ അതിരുകളിൽ നിന്നുള്ള ദൂരം കാണിച്ചിരി ക്കണം)<br>6. കൈവശ രേഖകളിൽ വസ്തു പുരയിടമായിരിക്കണം | 10 ദിവസം<br>ഇല്ല |
| കിണർ നിർമ്മിക്കൽ പെർമിറ്റ് | 1. അനുബന്ധം എ) യിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം<br>2. സൈറ്റ് പ്ലാൻ (നിർമ്മിക്കുന്ന ഉദ്ദേശിക്കുന്ന കിണറിന്റെ സ്ഥാനവും അതിരുകളിൽ നിന്നുള്ള ദൂരം 7.5 മീറ്റർ ചുറ്റളവിൽ ഉള്ള തായ മറ്റ് നിർമ്മിതികളുടെ | 7 പ്രവർത്തി ദിവ സങ്ങൾക്കകം |

| | | |
|---|---|---|
| | വിവരവും വ്യക്തമാക്കണം)<br>3. പട്ടയം/ ആധാരത്തിന്റെ പകർപ്പ് (അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കണം)<br>4. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രസീതിന്റെ പകർപ്പ്<br>5. കൈവശ സർട്ടിഫിക്കറ്റ് | |
| പെർമിറ്റ് കൈമാറ്റം ചെയ്യൽ | 1 വസ്തു കൈമാറ്റം ചെയ്ത വ്യക്തിയുടെയും കൈമാറി കിട്ടിയ വ്യക്തിയുടെയും അപേക്ഷ കൾ ( 5 രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ചത്)<br>2. അനുവദിക്കപ്പെട്ട പെർമിറ്റിന്റെ അസ്സൽ<br>3. സ്ഥലം കൈമാറ്റം നടത്തിയത് തെളിയി ക്കുന്ന രേഖകളുടെ പകർപ്പ് | 15 ദിവസം |
| | | |
| മതിൽ വേലി - പൊതുവഴിയോടും പൊതുസ്ഥല ത്തോടും അതിർത്തികളിൽ നിർമ്മി ക്കുന്നതിന് | 1. വെള്ളകടലാസിൽ 5 രൂപ കോർട്ട് ഫി സ്റ്റാമ്പ് പതിച്ച് അപേക്ഷ<br>2. അപേക്ഷാ ഫീസ് 5 രൂപ അടച്ചതിന്റെ രസീത്<br>3. പട്ടയം/ ആധാരത്തിന്റെ പകർപ്പ് (അസ്സൽപരിശോധനയ്ക്ക് ഹാജരാക്കണം)<br>4. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രസീതിന്റെ പകർപ്പ്<br>5. കൈവശ സർട്ടിഫിക്കറ്റ്<br>6. സൈറ്റ് പ്ലാൻ | 30 ദിവസം |
| ടെലി കമ്മ്യൂണിക്കേഷൻ ടവർ പെർമിറ്റ് | 1. കെ.പി.ബി.ആർ. ചട്ടം അനുബന്ധം എ യി ലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ചത്<br>2. അപേക്ഷാ ഫീസ് ടവറിന് 10000 രൂപ പോൾ സ്ട്രക്ചർ ആണെങ്കിൽ 2500 രൂപ അടച്ചതിന്റ് രസീത്<br>3. സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, എലിവേഷൻ സെക്ഷൻ എന്നിവ | 30 ദിവസം<br>അനുബന്ധ കെട്ടിടങ്ങൾക്ക് പട്ടിക 2 പ്രകാരം |

| | | |
|---|---|---|
| | രേഖപ്പെടു ത്തിയ പ്ലാനുകൾ<br>4. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ<br>5. അപേക്ഷകൻ സ്ഥലം ഉടമയല്ലെങ്കിൽലീസ് എഗ്രിമെന്റ് പകർപ്പ്<br>6. ടവറിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടി ഫിക്കറ്റ്, കെട്ടിടത്തിന്റെ മുകളിലാണെങ്കിൽ കെട്ടിടത്തിന്റെയും ടവറിന്റെയും സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്<br>7. വാർത്താവിനിമയ വകുപ്പുമായുള്ള എഗ്രിമെന്റിന്റെ പകര്പ്പ് | |
| കെട്ടിട നിർമ്മാണത്തിന്റെ പെർമിറ്റ് കാലാവധി നീട്ടൽ/ പുതുക്കൽ | 1. വെള്ള കടലാസിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ചത്<br>2. ഒറിജിനൽ പെർമിറ്റിന്റെ പകർപ്പ് | 30 ദിവസം<br>കാലാവധിക്കുള്ളിൽ നിലവിലുള്ള പെർമിറ്റ് ഫീസിന്റെ10% തുക<br>കാലാവധികഴിഞ്ഞ് 1 വർഷത്തിനുള്ളിൽ |
| | | |
| വസ്തു നികുതിയിൽ നിന്നും ഒഴിവാക്കൽ (പൊളിച്ച് നീക്കിയ കെട്ടിടങ്ങള്) | 1.വെള്ള കടലാസിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ചത്<br>2. അപേക്ഷ നൽകുന്ന തീയതി മുതൽ മാത്രമേ നികുതി ഒഴിവാകുകയുള്ളൂ | 45 ദിവസം<br>ഇല്ല |
| പെർമിറ്റ് പ്രകാരം പണിത കെട്ടിടത്തിന് നമ്പർ നൽകൽ | 1. വെള്ള കടലാസിലുള്ള അപേക്ഷ 5 രൂപകോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ചത്<br>2. വസ്തു നികുതി ചട്ടം ഫാറം 2 ലുള്ള റിട്ടേൺ | 30 ദിവസം<br>ഇല്ല |

| | | |
|---|---|---|
| കെട്ടിടത്തിന് നമ്പർ നൽകൽ (പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടങ്ങൾ) | 1. വെള്ള കടലാസിലുള്ള അപേക്ഷ<br>2. എ2 ഫോറവും അനുബന്ധരേഖകളുംനൽകിയിട്ടില്ല എങ്കിൽ താഴെപ്പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കണം<br>- കെട്ടിടത്തിന്റെ വിവരങ്ങളടങ്ങുന്ന സ്റ്റേറ്റ്മെന്റ്<br>-സ്ഥലത്തിന്റെ അതിരുകൾ വ്യക്തമാക്കുന്ന റഫ് സൈറ്റ് സ്കെച്ച്<br>-ആധാരത്തിന്റെ പകർപ്പ്<br>-പൊസഷൻ സർട്ടിഫിക്കറ്റ്<br>-ഭൂനികുതി അടച്ച രസീതിന്റെ പകർപ്പ്<br>3. വസ്തു നികുതി ചട്ടം 2 ലുള്ള റിട്ടേൺ<br>4.കൈവശരേഖകളില് വസ്തു പുരയിടമായിരിക്കണം | 30 ദിവസം<br>ഇല്ല |

## ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന സഹായ പദ്ധതിക്ക്

### അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ

### ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം 1600രൂപ)

അഗതികളായ 60 വയസ്സ് പൂർത്തിയായവർ. ദാരിദ്രരേഖയ്ക്ക് ബി.പി.എൽ താഴെയുള്ളവരായിരിക്കണം. കുടുംബ വാർഷിക വരുമാനം 100000/- രൂപയിൽ കവിയരുത്. അപേക്ഷിക്കുന്നതിന്റെ തൊട്ട് മുമ്പ് 3 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമുള്ളവരായിരിക്കണം. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് ഇവയുടെ പകർപ്പ്ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. 60 ദിവസത്തിനുള്ളിൽ മേൽ നടപടികൾക്കായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകും. അനുമതി ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ വിതരണം ചെയ്യും. 75 വയസ്സ് കഴിഞ്ഞവർക്ക് 1600/- രൂപ ലഭിക്കുന്നതാണ്.

വിധവാ പെൻഷൻ (പ്രതിമാസം 1600/-രൂപ)

അഗതികളായ, ഭർത്താവ് മരണപ്പെട്ടതും, 7 വർഷക്കാലം ഭർത്താവുമായി അകന്നു ജീവിക്കുന്നവരുമായ പുനർ വിവാഹം ചെയ്തിട്ടില്ലാത്ത വിധവകൾ കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. അപേക്ഷിക്കുന്നതിന്റെ തൊട്ടുമുമ്പ് 3 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമുള്ളവരായിരിക്കണം. നിശ്ചിത ഫോറത്തി ലുള്ള അപേക്ഷ 2 കോപ്പി വിധവ/വിവാഹ മോചിതയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, എന്നിവയുടെ പകർപ്പ് സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. കുടുംബ വാർഷിക വരുമാനം 100000/- രൂപയിൽ കവിയരുത്. മറ്റു പെൻഷനുകളുകൾ വാങ്ങുന്നവരാകരുത്.

വികലാംഗർ, അംഗവൈകല്യം സംഭവിച്ചർ, മന്ദബുദ്ധിയുള്ളവർ എന്നിവർക്കുള്ള പ്രത്യേക പെൻഷൻ (പ്രതിമാസം 1600/- രൂപ)

അഗതികളായ (ചെവി കേൾക്കാത്തവർ, ഊമയായവർ, അസ്ഥിവൈകല്യം ഉള്ള വർ, അംഗവൈകല്യം ഉള്ളവർ, കണ്ണ് കാണാത്തവർ(60/60/ഓ,20/200 (സ്നെല്ലൻ) ൽ കുറവുള്ളവർ) അസ്ഥിവൈകല്യം 40% കൂടുതലുള്ളവർ, മന്ദബുദ്ധി ഐക്യു50 ൽ കുറവ്) 80% കൂടുതൽ വൈകല്യമുള്ളവർക്ക് 1600/- രൂപ. കുടുംബ വാർഷിക വരുമാനം 100000/- രൂപയൽ കവിയരുത്. തുടർച്ചയായി 3 വർഷം കേരളത്തിൽ താമസിച്ചിരിക്കണം. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ 1 കോപ്പി മെഡിക്കൽ ബോർഡ് നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം.

കർഷക തൊഴിലാളി പെൻഷൻ (പ്രതിമാസം 1600/- രൂപ)

അപേക്ഷ തീയതിക്ക് 60 വയസ്സ് പൂർത്തിയാകണം. കുടുംബ വാർഷിക വരുമാവനം 1 ലക്ഷം രൂപയിൽ കവിയരുത്. അപേക്ഷിക്കുന്നതിന്റെ തൊട്ടുമുമ്പ് 10 വർഷമെങ്കിലും കേരളത്തിൽ കർഷക തൊഴിലാളിയായി പണിയെടുത്തിരിക്കണം. 19 74 ലെ കർഷക തൊഴിലാളി ക്ഷേമ നിധിയിൽ അംഗമായിരിക്കണം. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ. റേഷൻ കാർഡിന്റെ പകർപ്പ്, ഭൂസ്വത്തിന്റെ വിവരങ്ങൾ, കർഷകതൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരുന്നതി ന്റെ സാക്ഷ്യപത്രം, പ്രായം തെളിയിക്കുന്ന രേഖ (തിരിച്ചറിയൽ കാർഡ്/ ജനന സർട്ടിഫിക്കറ്റ്/ സ്കൂൾ സർട്ടിഫിക്കറ്റ്/ മെഡിക്കൽ സർട്ടിഫിക്കറ്റ്)

## കർഷക പെൻഷൻ

൬൦ വയസ്സിനുമേൽ പ്രായമുള്ള 5 ഏക്കറിൽ താഴെ നെൽകൃഷി ചെയ്യുന്ന കർഷ ർക്ക് കഷിഭവൻ മുഖേന നൽകുന്നു. പ്രതിമാസം ൬൦൦ രൂപയാണ്.

### മാനദണ്ഡം

1. അപേക്ഷിക്കുന്ന സമയത്ത് ൬൦ വയസ്സ് പൂർത്തിയായിരിക്കണം.
2. 10 സെന്റിനു മേൽ 5 ഏക്കറിൽ താഴെ നെൽകൃഷിയുണ്ടായിരിക്കണം.
3. വരുമാന പരിധി 1,50,000 രൂപ.

## നിർധനരായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധന സഹായം

## (30000/- രൂപ)

മരണം മൂലം ഭർത്താവ് നഷ്ടപ്പെട്ടവർ, 7 വർഷത്തിൽ കൂടുതൽ ഭർത്താവിൽ നിന്ന് അകന്ന് ജീവിക്കുന്നവരും, പുനർ വിവാഹം ചെയ്തിട്ടില്ലാത്തവരും, കുടുംബ വാർഷി ക വരുമാനം 100000/- രൂപയിൽ കവിയരുത്. വിവാഹം ചെയ്ത് അയക്കുന്ന കുട്ടിക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം. പെൺകുട്ടിയുടെ പേരിൽ കുടുംബ വിഹിതമോ, ഇഷ്ടദാനമായി ലഭിച്ചതോ ആയ വസ്തു, ആഭരണം, ധനം, ഇവ ഉൾപ്പെടെ ൬000 രൂപയിൽ കവിയരുത്.

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി, അപേക്ഷയുടെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, വധുവിന്റേയും വരന്റേയും ജനന തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പ് വിവാഹ ക്ഷണപത്രം എന്നിവ വിവാഹം നിശ്ചയിച്ച തീയതിക്ക് 30 ദിവസം മുമ്പേ സമർപ്പിക്കണം. കുടുംബ വരുമാന സർട്ടിഫിക്കറ്റ് സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം. 30 ദിവസത്തിനുള്ളിൽ മേൽ നടപടികൾക്കായി ജില്ലാ സാമൂഹ്യ നീതി വകുപ്പ് ആഫീസർക്ക് അയക്കും. ധനസഹായം ലഭിക്കുന്നതിന് വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

## 50 വയസ്സ് കഴിഞ്ഞ അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ (പ്രതിമാസം 1600/- രൂപ

അവിവാഹിതകളായ 50 വയസ്സ് പൂർത്തിയായ സാമ്പത്തിക പിന്നോക്കം നിൽക്കുന്ന സ്ത്രീകൾ, കുടുംബ വാർഷീക വരുമാനം 100000/- രൂപയിൽ കവിയരുത്. മറ്റു യാതൊരു പെൻഷൻ ലഭിക്കുന്നവരാകരുത്.

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി, വരുമാന സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവാഹിതയണ്ടെന്നു തെളിയിക്കുന്ന അസ്സൽ സർട്ടിഫി ക്കറ്റ് എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം.

തൊഴിലില്ലായ്മ വേതനം (പ്രതിമാസം 120 രൂപ)

നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ, എസ്.എസ്.എൽ. സി ബുക്ക്, എംപ്ലോയ്മെന്റ് കാർഡ്, റേഷൻ കാർഡിന്റെ പകർപ്പുകൾ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീ ക്ഷയോ പാസാകണം. (വികലാംഗർ, എസ്.എസ്.എൽ.സി തോറ്റാലും അപേക്ഷിക്കാം. (നിശ്ചിത വയസ്സ് കഴിഞ്ഞ് എസ്.എസ്.എൽ.സി പരീക്ഷ മാത്രം എഴുതി തോറ്റവർക്ക് ബാധകമല്ല.)

കുടുംബശ്രീ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.08.2008 ലെ സർക്കാർ ഉത്തരവ് (പി) നം.222/08 പ്രകാരം പുതുക്കിയ സി.ഡി.എസ് ബൈലോ പ്രകാരം പ്രവർത്തിച്ചുവരുന്നു.

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ഏരിയാഡെവലപ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂ ണറ്റി ഡെവലപ്മെന്റ് സൊസൈറ്റി ത്രിതല സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാ നത്തിലൂടെ സ്ത്രീ ശാക്തീകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര നിർമ്മാർജ്ജനത്തിനും വേണ്ടി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്ലക്ഷ്യം

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംസ്ഥാന സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ് ഡങ്ങൾ പ്രകാരമുള്ള ദാരിദ്ര കുടുംബത്തെ പ്രതിനിധീകരിച്ച് ഒരു വനിതാ കുടുംബ ത്തിന് അംഗമാകാം. ഒരു വാർഡിൽ കുറഞ്ഞത് 15 അംഗങ്ങളുള്ള 5 ൽ കൂടുതൽ അയ ൽക്കൂട്ടങ്ങൾ രൂപീകരിക്കാവുന്നതും അവയിൽ നിന്നും ഒരു വാർഡിൽ 7 ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുകയും അവർ ചേർന്ന് 15 കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുകയും അവരിൽ നിന്നും ഒരു ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവരെ ഭരമ നിർവ്വഹണത്തിനായി തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഈ സമിതികളുടെ കാലാ വധി 3 വർഷമാണ്.

ഗ്രാമപഞ്ചായത്തംഗം വാർഡിലെ എ.ഡി.എസ്. രക്ഷാധി കാരിയായിരിക്കും. മെമ്പർ, സെക്രട്ടറി, ഒരു സർക്കാർ ഉദ്യോഗസ്ഥൻ/ പഞ്ചായത്ത് ഉദ്യോഗസ്ഥനായിരിക്കും.

ചുമതലകൾ

പ്രാദേശിക സാമ്പത്തിക, ദാരിദ്ര നിർമ്മാർജ്ജന, സ്ത്രീ ശാക്തീകരണ പ്രവർത്ത നങ്ങളിൽ പങ്കെടുക്കുകയും പദ്ധതികൾ, ഏറ്റെടുത്ത് ക്രോഡീകരിച്ച് നടപ്പിലാക്കു കയും കർമ്മപരിപാടികൾ ഏകോപിപ്പിക്കുവാനുള്ള പിന്തുണാസംവിധാനമായി പ്രവർ ത്തിക്കുക.

തദ്ദേശ സ്വയംഭരണ സ്ഥാപനം ഉൾപ്പെടെയുള്ള എല്ലാ സർക്കാർ അർദ്ധസർക്കാർ ഏജൻസികളുടേയസും ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക.

സ്വയം തൊഴിൽ സംരംഭങ്ങൾ വികസിപ്പിക്കുക. അതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക, പരിശീലനങ്ങൾ, സെമിനാറുകൾ,നടത്തുക, ബാങ്ക് വായ്പ കൾ ഏർപ്പാട് ചെയ്യുക, തുടർ പ്രവർത്തനങ്ങൾ നടത്തുക എന്നിവ.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ദാരിദ്ര നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ആസൂത്രണ നിർവ്വഹണങ്ങുടെ മുഖ്യ ഏജൻസിയായി പ്രവർത്തിക്കുക.

ഗ്രാമസഭകളിൽ സജീവമായി പങ്കെടുക്കുക പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പ് വരുത്തുക.

## കൃഷിഭവൻ

വിവിധ കാർഷീക വിളകളുടെ ശാസ്ത്രീയ കൃഷി രീതി സംബന്ധിച്ച് വിവരം

ആഫീസ് സമയങ്ങളിൽ കൃഷി ഭവനിൽ ബന്ധപ്പെടുക. തത്സമയം തന്നെ സേവനം ലഭ്യമാകും. ഫീസിൽ.

കാർഷീക വിളകളുടെ കീടരോഗ പരിശോധന നിയന്ത്രണ മാർഗ്ഗങ്ങളുടെശുപാർശ

ആഫീസ് സമയങ്ങളിൽ കൃഷിഭവനിൽ ബന്ധപ്പെടുക. തത്സമയം തന്നെ സേവനം ലഭ്യമാകും. ഫീസില്ല.

മണ്ണു പരിശോധന -തതനുസരണമായ വിള പരിപാലന ശുപാർശ

നിർദ്ദേശാനുസരണം ശേഖരിച്ച മണ്ണ് സാമ്പിൾ, കൃഷിയിടത്തിന്റെ വിവരണം, വിള വിവരം, കൃഷിക്കാരന്റെ മേൽവിലാസം എന്നിവ സഹിതം ആഫീസ് സമയങ്ങളിൽ കൃഷി ഭവനിൽ ബന്ധപ്പെടുക. കോഴായിലെ മണ്ണ് പരിശോധന കേന്ദ്രത്തിൽ അയച്ച് പരിശോധന ഫലം കിട്ടുന്ന മുറയ്ക്ക് സേവനം ലഭ്യമാകും. ഫീസില്ല.

<u>അടിയന്തിര മണ്ണ് പരശോധനാ ഫലം ലഭിക്കാൻ സോയിൽ ടെസ്റ്റിംഗ് ലബോറട്ടറിയിലേക്കുള്ള കൃഷി ആഫീസറുടെ ശുപാർശ</u>

നിർദ്ദേശനുസരണം ശേഖരിച്ച മണ്ണ് സാമ്പിൾ, കൃഷിയിടത്തിന്റെ വിവരണം, വില വിവരം, വിള വിവരം, കൃഷിക്കാരന്റെ മേൽവിലാസം എന്നിവ സഹിതം ആഫീസ് സമയങ്ങളിൽ കൃഷി ഭവനിൽ ബന്ധപ്പെടുക. മണ്ണ് പരിശോധന കേന്ദ്രത്തിൽ നേരിട്ട് 2 രൂപ ഫീസ് സഹിതം കൊടുത്താൽ രണ്ടാഴ്ചക്കുള്ളിൽ സേവനം ലഭ്യമാകും. ഫീസില്ല.

<u>അടിയന്തിര മണ്ണ് പരശോധനാ ഫലം ലഭിക്കാൻ സോയിൽ ടെസ്റ്റിംഗ് ലബോറട്ടറിയിലേക്കുള്ള കൃഷി ആഫീസറുടെ ശുപാർശ</u>

നിർദ്ദേശനുസരണം ശേഖരിച്ച മണ്ണ് സാമ്പിൾ, കൃഷിയിടത്തിന്റെ വിവരണം, വില വിവരം, വിള വിവരം, കൃഷിക്കാരന്റെ മേൽവിലാസം എന്നിവ സഹിതം ആഫീസ് സമയങ്ങളിൽ കൃഷി ഭവനിൽ ബന്ധപ്പെടുക. കോഴാ മണ്ണ് പരിശോധന കേന്ദ്രത്തിൽ നേരിട്ട് 2 രൂപ ഫീസ് സഹിതം കൊടുത്താൽ രണ്ടാഴ്ചക്കുള്ളിൽ സേവനം ലഭ്യമാകും. ഫീസില്ല.

<u>പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾക്കുണ്ടാവുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ട പരിഹാരം ലഭിക്കാൻ</u>

നഷ്ടം സംഭവിച്ച് 10 ദിവസങ്ങൾക്കുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ 2 കോപ്പി അപേക്ഷ സമർപ്പിക്കണം. (ഫോറത്തിന്റെ സാമ്പിൾ കൃഷിഭവനിൽ ലഭ്യമാണ്.)10 ദിവ സത്തിനുള്ളിൽ നഷ്ടം തിട്ടപ്പെടുത്തി ശുപാർശ ചെയ്യും. ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യും.

<u>വിള ഇൻഷുറൻസ് (തെങ്ങ്, വാഴ, കമുക്, കശുവണ്ടി, കുരുമുളക്, റബ്ബർ, മരിച്ചീനി, കൈതച്ചക്ക, മഞ്ഞൾ, ഇഞ്ചി, പച്ചക്കറി</u>

നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ നൽകണം. ഓരോവിളയ്ക്കും നിശ്ചയിച്ച പ്രീമിയം തുകയോടുകൂടി കൃഷി ഭവനിൽ ബന്ധപ്പെടുക. 7 ദിവസത്തിനുള്ളിൽ സേവനം ലഭ്യമാകും.

കാർഷികാവശ്യത്തിനുള്ള വൈദ്യുതി ലഭിക്കുന്നതിനുള്ള മുൻഗണന സർട്ടിഫിക്കറ്റ്

നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ കൃഷി ആഫീസർക്ക് സമർപ്പിക്കണം. ഫോറത്തിന്റെ സാമ്പിൾ കൃഷിഭവനിൽ ലഭ്യമാകും. 7 ദിവസത്തിനുള്ളിൽ സേവനം ലഭ്യമാകും. ഫീസില്ല.

നെൽകൃഷി ഉല്പാദന ബോണസ് (ഏക്കറിന് 400 രൂപ)

പാടശേഖര സമിതികൾ മുഖാന്തിരംഓരോ വിളകൾക്കും പ്രത്യേകം നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സമർപ്പിക്കണം. ഫോറത്തിന്റെ സാമ്പിൾ കൃഷി ഭവനിൽ ലഭ്യമാകും. ഫണ്ട് ലഭിച്ച് 7 ദിവസത്തിനുള്ളിൽ സേവനം ലഭ്യമാകും. ഫീസില്ല.

അത്യുൽപാദന ശേഷിയുള്ള വിത്തുകളുംനടീൽ വസ്തുക്കളും വിവരണം

വിളയിറക്കുന്നതിന് മുമ്പായി കൃഷി ഭവനുമായി ബന്ധപ്പെടുക. ഫീസില്ല.

കാർഷിക യന്ത്രോപകരണങ്ങളുടെയും, സസ്യസംരക്ഷണ ഉപകരണങ്ങളുടേയും വിതരണം (കൃഷി ഭവനിൽ സ്റ്റോക്കുള്ള കുറ്റിഷമ്പ്, പവർ സ്പ്രെയർ എന്നിവ)

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ കൃഷി ഭവനിൽ സമർപ്പിക്കണം. തത്സമയം തന്നെ സേവനം ലഭ്യമാകും. അതാതിനു നിശ്ചയിച്ച വാടക ദിവസം 2 രൂപ.

കാർഷികാവശ്യത്തിന് വൈദ്യുതി സൗജന്യം

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ കൃഷി ഭവനിൽ സമർപ്പിക്കണം. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് സേവനം ലഭ്യമാകും.

ജലസേചനത്തിന് പമ്പുസെറ്റ് പ്രവർത്തിപ്പിക്കുന്നതിന് മണ്ണെണ്ണ പെർമിറ്റിനുള്ള ശുപാർശ

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി കൃഷി ഭവനിൽ സമർപ്പിക്കണം. ഡിസംബർ ജനുവരി മാസങ്ങളിൽ സേവനം ലഭ്യമാകും. ഫീസില്ല.

രാസവളം, കീടനാശിനിവില്പന നടത്തുന്നതിനുള്ള ലൈസൻസ് നൽകലും പുതുക്കലും

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ പഞ്ചായത്ത് കൺസെന്റ് സഹിതം കൃഷി ഭവനിൽ സമർപ്പിക്കണം. 7 ദിവസത്തിനുള്ളിൽ ജില്ലാ കൃഷി ഓഫീസർക്ക് ശുപാർശ ചെയ്യാം. ഫീസ് രാസവളം 25 രൂപ, കീടനാശിനി 300 രൂപ.

ചെറുകിട പരിമിത, വൻകിട കൃഷിക്കാരനാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ്

വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ കൈവശ ഭൂമിയുടെ വിവരം കാണിക്കുന്ന രേഖ സഹിതം കൃഷി ഭവനിൽ സമർപ്പിക്കണം. 5 ദിവസത്തിനുള്ളിൽ സേവനം ലഭ്യമാകും. ഫീസില്ല.

തെങ്ങ് കൃഷിക്കാരനാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ്

വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, ഭൂമി വിസ്തീർണ്ണം കാണിക്കുന്ന രേഖ സഹിതം കൃഷി ഭവന് സമർപ്പിക്കണം. 5 ദിവസത്തിനുള്ളിൽ സേവനം ലഭ്യമാകും. ഫീസില്ല.

കാർഷകാവശ്യത്തിന് സൗജന്യവൈദ്യുതി ലഭിക്കുന്നതിന്

കൺസ്യൂമർ കാർഡ് സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകി അംഗമാകു ക. തുടർന്ന് ക.എസ്.ഇ.ബി യിൽ അടച്ച് ബില്ല് ഹാജരാക്കുന്ന മുറയ്ക്ക് കൃഷി വകു ഷ് അസി.ഡയറക്ടർക്ക് അയച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സേവനം ലഭ്യമാകും. ഫീസില്ല.

നെല്ല് സംഭരണത്തിന് ഹാന്റലിംഗ് ചാർജ്ജ് നൽകും

സ്കീമുള്ള സീസണിൽ കൃഷിക്കാരോട് നിശ്ചിത ഫോറത്തിൽ അപേക്ഷ വാങ്ങി അവർ ചുമതലപ്പെടുത്തുന്ന സംഭരണ ഏജൻസിക്ക് തുക നൽകും. ഏജൻസി ഗവ. നിശ്ചയിക്കുന്ന സംഭരണ വില കൃഷിക്കാർക്ക് നൽകേണ്ടതാണ്.

കീടനാശിനി, വളം, ഗുണനിലവാര പരിശോധന

സാമ്പിൾ ശേഖരിച്ച് തിരുവനന്തപുരം ഫെർട്ടിലൈസർ ആന്റ് പെസ്റ്റിസൈഡ് ക്വാളിറ്റി കൺട്രോൾ ലാബ് വഴി പരിശോധന നടത്തും.

ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ

ഒപ്പും സാക്ഷ്യപ്പെടുത്തൽ ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരായി ഒപ്പ് ആവശ്യമുള്ള രേഖയിൽ ഓഫീസറുടെ മുമ്പാകെ ഒപ്പിടുക. പകർപ്പ് സാക്ഷ്യപ്പെടുത്താൻ പകർപ്പും അസ്സലും നേരിട്ട് ഹാജരാക്കുക. പ്രധാന ഡ്യൂട്ടി

കഴിഞ്ഞുള്ള സമയത്ത് മാത്രം സമീ പിക്കുക. തത്സമയം തന്നെ സേവനം ലഭ്യമാകും. ഫീസില്ല.

### കിസാൻ ക്രെഡിറ്റ് കാർഡ്

കിസാൻ ക്രെഡിറ്റ് കാർഡ് ലഭിക്കുന്നതിന് തന്നാണ്ട് കരം തീർത്ത രസീത് സഹിതം വെള്ളക്കടലാസിൽ അപേക്ഷ കൃഷിഭവനിൽ സമർപ്പിക്കേണ്ടതാണ്. പഞ്ചായത്ത് അതിർത്തിയിലുള്ള ബാങ്കിലേക്ക് സ്ഥലം പരിശോധനയ്ക്ക് ശേഷം 7 ദിവസത്തിനുള്ളിൽ ശുപാർശ ചെയ്യുന്നതാണ്.

## ആയുർവ്വേദ ഡിസ്പെൻസറി

### ഡോക്ടറുടെ സേവനം

രാവിലെ 6 മണി മുതൽ 1 മണിവരേയും പൊതു അവധി ദിവസങ്ങളിൽ 8 മണിമു തൽ 12 വരെയും ചികിത്സാ സൗകര്യം ലഭ്യമാകും.ഫീസില്ല.

### മെഡിക്കൽ സർട്ടിഫിക്കറ്റ്

ആവശ്യക്കാരൻ ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരാകണം. തത്സമയം തന്നെ സേവ നം ലഭ്യമാകും.ഫീസ് 50 രൂപാ

### ലൈഫ് സർട്ടിഫിക്കറ്റ്

ആവശ്യക്കാരൻ പെൻഷൻ പേമെന്റ് ഓർഡർ സഹിതം ഡ്യൂട്ടി സമയത്ത് ഡോക്ട റെ നേരിട്ട് സമീപിക്കുക. തത്സമയം തന്നെ സേവനം ലഭ്യമാകും. ഫീസില്ല.

### എയ്ജ് സർട്ടിഫിക്കറ്റ്

റേഷൻ കാർഡ് അല്ലെങ്കിൽ ഐഡന്റിറ്റിസർട്ടിഫിക്കറ്റ് സഹിതം ആവശ്യക്കാരൻ ഡ്യൂട്ടി സമയത്ത് ഡോക്ടറെ നേരിട്ട് സമീപിക്കുക. തത്സമയം തന്നെ സേവനം ലഭ്യ മാകും. ഫീസില്ല.

### ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ

ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ, ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരായി ഒപ്പ് ആവശ്യമുള്ള രേഖയിൽ ഡോക്ടറുടെ മുമ്പാകെ ഒപ്പിടുക. പകർപ്പ് സാക്ഷ്യപ്പെടു ത്താൻ പകർപ്പും അസലും നേരിട്ട് ഹാജരാക്കുക. പ്രധാന ഡ്യൂട്ടി കഴിഞ്ഞുള്ള സമയ ത്തുമാത്രം സമീപിക്കുക. തത്സമയം തന്നെ സേവനം ലഭ്യ മാകും. ഫീസില്ല.

## പ്രാഥമികാരോഗ്യ കേന്ദ്രം

**ഡോക്ടറുടെ സേവനം**

രാവിലെ 8 മണി മുതൽ 1 മണിവരേയും പൊതു അവധി ദിവസങ്ങളിൽ 8 മണിമു തൽ 12 വരെയും ചികിത്സാ സൗകര്യം ലഭ്യമാകും.ഫീസില്ല.

**മെഡിക്കൽ സർട്ടിഫിക്കറ്റ്**

ആവശ്യക്കാരൻ ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരാകണം. തത്സമയം തന്നെ സേവ നം ലഭ്യമാകും. ഫീസ് 50 രൂപാ

**ലൈഫ് സർട്ടിഫിക്കറ്റ്**

ആവശ്യക്കാരൻ പെൻഷൻ പേമെന്റ് ഓർഡർ സഹിതം ഡ്യൂട്ടി സമയത്ത് ഡോക്ട റെ നേരിട്ട് സമീപിക്കുക. തത്സമയം തന്നെ സേവനം ലഭ്യമാകും. ഫീസില്ല.

**എയ്ജ് സർട്ടിഫിക്കറ്റ്**

റേഷൻ കാർഡ് അല്ലെങ്കിൽ ഐഡന്റിറ്റിസർട്ടിഫിക്കറ്റ് സഹിതം ആവശ്യക്കാരൻ ഡ്യൂട്ടി സമയത്ത് ഡോക്ടറെ നേരിട്ട് സമീപിക്കുക. തത്സമയം തന്നെ സേവനം ലഭ്യ മാകും. ഫീസില്ല.

**ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ**

ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ, ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരായി ഒപ്പ് ആവശ്യമുള്ള രേഖയിൽ ഡോക്ടറുടെ മുമ്പാകെ ഒപ്പിടുക. പകർപ്പ് സാക്ഷ്യപ്പെടു ത്താൻ പകർപ്പും അസലും നേരിട്ട് ഹാജരാക്കുക. പ്രധാന ഡ്യൂട്ടി കഴിഞ്ഞുള്ള സമയ ത്തുമാത്രം സമീപിക്കുക. തത്സമയം തന്നെ സേവനം ലഭ്യമാകും. ഫീസില്ല.

## വെറ്റിനറി ഡിസ്പെൻസറി

**മൃഗങ്ങൾക്കുള്ള രോഗനിർണ്ണയവും ചികിത്സയും മരുന്നു നൽകലും**

രാവിലെ 9 മണി മുതൽ 1 മണിവരേയും ഉച്ചയ്ക്ക് ശേഷം 2 മുതൽ 3 വരെയും പൊതു അവധി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 12 വരെയും ഡോക്ടറെ സമീപിക്കുക. സൗകര്യം ലഭ്യമാകും. ഓമന മൃഗങ്ങൾക്ക് 5 രൂപാ ഫീസ്.

**പകർച്ചവ്യാധികൾക്ക് എതിരെയുള്ള രോഗപ്രതിരോധ കുത്തിവെയ്പ്പ്**

ഡ്യൂട്ടി സമയം ഡോക്ടറെ സമീപിക്കു. തത്സമയം സേവനം ലഭ്യമാകും.നിശ്ചിത ഫീസ് അടക്കണം.

## കന്നുകാലികളുടെ ഗർഭ പരിശോധനയും വന്ധ്യത നിവാരണ ചികിത്സയും

ഡ്യൂട്ടി സമയം ഡോക്ടറെ സമീപിക്കുക. തത്സമയംസേവനം ലഭ്യമാകും. നിശ്ചിത ഫീസില്ല.

## വളർത്ത് നായ്ക്കൾക്ക് പേവിഷബാധയ്ക്കെതിരെ കുത്തിവെയ്പ് നടത്തി സർട്ടിഫിക്കറ്റ് നൽകുക

ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിച്ച് കുത്തിവെയ്പിനുള്ള വാക്സിൻ സ്വന്തം ചെലവിൽ ലഭ്യമാക്കുക. തത്സമയം തന്നെ സേവനം ലഭ്യ മാകും. ഫീസില്ല.

## വളർത്ത് മൃഗങ്ങൾക്ക് ഇൻഷുറൻസ് സംരക്ഷണം.

ഡ്യൂട്ടി സമയം ഡോക്ടറെ സമീപിക്കുക. (ഇൻഷുറൻസ് പ്രീമിയം ഗുണഭോക്താവി ന്റെ നിർദ്ദേശാനുസരണം അടക്കണം)തത്സമയം തന്നെ സേവനം ലഭ്യമാകും.ഫീസില്ല

## കൃത്രിമ ബീജ സങ്കലനം

മദി ലക്ഷണം തുടങ്ങി 24 മണിക്കൂറിനുള്ളിൽ ഉരുക്കളെ ഡോകടറുടെ സമീപത്തെ ത്തിക്കുക. തത്സമയം തന്നെ സേവനം ലഭ്യമാകും. ഫീസില്ല.

## മൃഗപരിപാലനം സംബന്ധിച്ചുള്ള ബോധവത്കരണം.

കാലാകാലങ്ങളിൽ പ്രചാരണം നൽകി സംഘടിപ്പിക്കുന്നതാണ്.

## ഗസറ്റഡ് ഓഫീസർ എന്ന നിലയ്ക്ക് ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ

ഒപ്പും പകർപ്പും സാക്ഷ്യപ്പെടുത്തൽ, ഡ്യൂട്ടി സമയത്ത് നേരിട്ട് ഹാജരായി ഒപ്പ് ആവശ്യമുള്ള രേഖയിൽ ഡോക്ടറുടെ മുമ്പാകെ ഒപ്പിടുക. പകർപ്പ് സാക്ഷ്യപ്പെടു ത്താൻ പകർപ്പും അസലും നേരിട്ട് ഹാജരാക്കുക. പ്രധാന ഡ്യൂട്ടി കഴിഞ്ഞുള്ള സമയ ത്തുമാത്രം സമീപിക്കുക. തത്സമയം തന്നെ സേവനം ലഭ്യമാകും. ഫീസില്ല

## ഐ.സി.ഡി.പി.സബ്ബ് സെന്റർ

### കൃത്രിമ ബീജ സങ്കലനം

മദി ലക്ഷണം തുടങ്ങി 24 മണിക്കൂറിനുള്ളിൽ ഉരുക്കളെ ഉപകേന്ദ്രത്തിൽ എത്തിക്കുക. തത്സമയം തന്നെ സേവനം ലഭ്യമാകും. നിശ്ചിത ഫീസ് നൽകണം

### കന്നുകാലികളുടെ ഗർഭ പരിശോധന

കൃത്രിമ ബീജ സംങ്കലം നടത്തി 9 0-ാം ദിവസം പരിശോധന നടത്തി ഗർഭധാ രണം ഉറപ്പുവരുത്തു. ഉടയുടെ വീട്ടിൽ ചെന്ന് തത്സമയം സേവനം ലഭ്യമാകും. ഫീസില്ല.

വാക്സിനേഷൻ

കന്നുകാലികൾക്ക് ബാധിക്കുന്ന പകർച്ചവ്യാധികൾക്ക് എതിരായ വാക്സിനേഷൻ. ഡ്യൂട്ടി സമയത്ത് കേന്ദ്രത്തിലും ക്യാമ്പിലും സേവനം ലഭ്യമാകും. ഫീസില്ല

കന്നുകാലികൾക്കുള്ള പ്രാഥമിക ചികിത്സ

ഡ്യൂട്ടി സമയത്ത് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറെ നേരിൽ സമീപിക്കുക. തത്സമയം തന്നെ സേവനംലഭ്യമാകും. സർക്കാർ നിശ്ചയിട്ടുള്ള ഫീസ് നൽകണം.

ഇൻഷുറൻസ്

കന്നുകാലികൾ, പക്ഷികൾ എന്നവയ്ക്ക് മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് ഇൻഷുറൻസ് ചെയ്യുന്നതിനുള്ള സൗകര്യം ചെയ്ത് കൊടുക്കുന്നു.

2 ഐ.എ.വൈ (ഭവന നിർമ്മാണ സഹായം)

അപേക്ഷകൻ ഹാജരാക്കേണ്ട പ്രമാണങ്ങൾ

1. അപേക്ഷാ ഫോറം- സൗജന്യം
2. റേഷൻ കാർഡ്
3. വീട് പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ കൈവശാവകാശസർട്ടിഫിക്കറ്റ്
4. വരുമാന സർട്ടിഫിക്കറ്റ്
5. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്(പട്ടികജാതിക്കാർക്ക് മാത്രം)
6. 200 രൂപാ/- മുദ്രപത്രം - അപേക്ഷകന്റെ പേരിൽ വാങ്ങണം. ഇത്രയും ലഭിച്ചു കഴിഞ്ഞാൽ 3 ദിവസത്തിനകം എഗ്രിമെന്റ് വയ്ക്കാവുന്നതാണ്.

3. ഐ.എ.വൈ.അപ്ഗ്രേഡേഷൻ - ജനറൽ

അപേക്ഷകൻ ഹാജരാക്കേണ്ട പ്രമാണങ്ങൾ

1. അപേക്ഷാ ഫാറം
2. വീടിന്റെ ഉമസ്ഥാവകാശ സർട്ടിഫിക്കറ്റ് - പഞ്ചായത്തിൽ നിന്ന്
3. വരുമാന സർട്ടിഫിക്കറ്റ്
4. 200 രൂപാ മുദ്രപത്രം

4. ഐ.എ.വൈ.അപ്ഗ്രേഡേഷൻ - പട്ടിക ജാതി

മേൽപറഞ്ഞ സർട്ടിഫിക്കറ്റും മുദ്രപത്രവും കൂടാതെ ജാതി തെളിയിക്കുന്ന

സർട്ടിഫിക്കറ്റ് – ഇത്രയും സർട്ടിഫിക്കറ്റുകൾ ലഭിച്ചാൽ 3 ദിവസത്തിനകം എഗ്രിമെന്റ് വയ്ക്കാം.

5.ലൈഫ് ഭവന പദ്ധതി

ഹാജരാക്കേണ്ട പ്രമാണങ്ങൾ

1. അപേക്ഷാ ഫോറം– സൗജന്യം
2. കൈവശാവകാശ സർട്ടിഫിക്കറ്റ് – വസ്തുവിന്റെ
3. ഒറിജിനൽ ആധാരം
4. കരം തീർത്ത രസീത്
5. കുടികികട സർട്ടിഫിക്കറ്റ്
6. 200 രൂപ മുദ്ര പത്രം

SGSY ഭവന നിർമ്മാണ സഹായം, കക്കൂസ് നിർമ്മാണം, കിണർ- ഭൂരഹിത ഭവനരഹിതർക്ക് ആനുകൂല്യം – ഇതൊന്നും ലഭിച്ചിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ടതായ റിപ്പോർട്ടുകൾ കൊടുക്കുന്നതിനുള്ള കുറഞ്ഞ സമയ പരിധി 3 ദിവസം മാത്രം.

ഇതിന് ഹാജരാക്കേണ്ട രേഖകൾ

1. റേഷൻ കാർഡ്
2. SGSY/IRDP ബാങ്ക് പാസ്സ് ബുക്ക്

<u>ബി.പി.എൽ സർട്ടിഫിക്കറ്റ്</u>

ദാരിദ്രരേഖയ്ക്ക് താഴെയാണെന്നുള്ള സർട്ടിഫിക്കറ്റിന് റിപ്പോർട്ട് നൽകുന്നു.

## <u>അംഗനവാടികൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ</u>

<u>അനുപൂരക പോഷകാഹാര വിതരണം (വേയസ്സിനു താഴെയുള്ള കുട്ടികൾക്കും, മുലയൂട്ടുന്നഅമ്മമാർക്കും,കൗമാരപ്രായത്തിലുള്ളപെൺകുട്ടികൾക്കും)</u>

ഗർഭിണിയാണെന്ന് അിറഞ്ഞയുടനെ അടുത്ത അംഗനവാടിയിൽ രജിസ്റ്റർ ചെയ്യുക. ഗർഭിണികൾക്ക് പ്രസവിച്ച് 6 മാസം വരെയും, കുട്ടികൾക്ക് 6 വയസ്സ് പൂർത്തിയാകുന്ന തുവരെയും, കൗമാരക്കാരായ പെൺകുട്ടികൾക്ക് 19 വയസ്വരെയും.

<u>രോഗപ്രതിരോധ കുത്തിവെയ്പ്പ് (ഗർഭിണികൾക്കും, പെൺകുട്ടികൾക്കും.)</u>

ഗർഭിണിയാണെന്ന് അിറഞ്ഞയുടനെ അടുത്ത അംഗനവാടിയിൽ രജിസ്റ്റർ ചെയ്യുക. ഗർഭിണികൾക്ക് പ്രസവിച്ച് 6 മാസം വരെയും, കുട്ടികൾക്ക് 6 വയസ്സ് പൂർത്തിയാ കുന്നതുവരെയും.ഫീസില്ല.

<u>അനൗപചാരിക വിദ്യാഭ്യാസം (3 വയസ്സിനും 6 വയസ്സിനുമിടയിൽ)</u>

പ്രസവിച്ച ഉടനെ കുട്ടിയുടെ പേര് അംഗനവാടിയിൽ രജിസ്റ്റർ ചെയ്യുക. കുട്ടിക്ക് 3 വയസ്സു മുതൽ ആറു വയസ്സ് പൂർത്തിയാകുന്നതുവരെ. ഫീസില്ല.

<u>ആരോഗ്യ പരിശോധന (കുട്ടികൾക്കും അമ്മമാർക്കും)</u>

അംഗനവാടിയിൽ രജിസ്റ്റർ ചെയ്യുക. ഗർഭിണിയാകുന്നതു മുതൽ പ്രസവിച്ച് 6 മാസം വരെയും, കുട്ടിക്ക് 6 വയസ്സ് പൂർത്തിയാകുന്തുവരെയും. ഫീസില്ല.

<u>ആരോഗ്യപോഷണ വിദ്യാഭ്യാസം (15 നും 45നും ഇടയിലുള്ള സ്ത്രീകൾക്ക്)</u>

അംഗനവാടി കേന്ദ്രീകരിച്ച് ആരോഗ്യ പ്രവർത്തകരും മറ്റും നടത്തുന്ന ക്യാമ്പിലൂടെ ആരോഗ്യ പോഷക വിദ്യാഭ്യാസം ലഭ്യമാകും. ഫീസില്ല.

<u>കുട്ടികളുടെ വളർച്ചാനിരക്ക് രേഖപ്പെടുത്തുന്ന ആരോഗ്യ ചാർട്ട്</u>

ഓരോ അംഗനവാടി അതിർത്തിയിലുള്ള ശിശുക്കളുടെ ജനനം മുതൽ ആറു വയസ്സുവരെയുള്ള കുട്ടികൾ. മാസത്തിലെ ആദ്യത്തെ ആഴ്ച സേവനം ലഭ്യമാകും. ഫീസില്ല.

<u>ആരോഗ്യരക്ഷാ റഫറൽ സർവ്വീസ്</u>

അംഗനവാടിയിൽ രജിസ്റ്റർ ചെയ്ത 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും, ഗർഭിണികൾക്കും താൽക്കാലിക ആശ്വാസത്തിനുള്ള മരുന്നു നൽകി തൊട്ടടുത്ത പി.എച്ച്.സി യിലേക്ക് റഫർ ചെയ്യുന്നു. തത്സമയം തന്നെ സേവനം ലഭ്യമാകും. ഫീസില്ല.

<u>ഗർഭസ്ഥ ശിശുവളർച്ചാ നിരക്ക് രേഖപ്പെടുത്തൽ</u>

ഓരോ അംഗനവാടി അതിർത്തിയിലുമുള്ള ഗർഭിണികളുടെ തൂക്കം മാസം തോറും രേഖപ്പെടുത്തി ഗർഭസ്ഥ ശിശുവിന്റെ വളർച്ച പരിശോധിക്കുന്നു.ഫീസില്ല.

<u>കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ക്ലബ്ബുകൾ</u>

അംഗനവാടിതലത്തിൽ രൂപീകരിച്ച വൈദ്യപരിശോധനയ്ക്ക് വിധേയമാക്കി വളർച്ചയിലുള്ള ന്യൂനതകൾ പരിഹരിക്കുന്ന സേവനം ലഭ്യമാകുന്നതാണ്.ഫീസില്ല

<u>ഗവൺമെന്റ് പ്രൈമറി സ്കൂളുകൾ ജനനതീയതിയും പഠന വിവരവും തെളിയിക്കുന്ന പ്രവേശന രജിസ്റ്ററിന്റെ പകർപ്പ്</u>

5 രൂപാ കോർട്ടാ ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയോടൊപ്പം 100 രൂപയുടെ മുദ്രപത്രവും ഹെഡ്മാസ്റ്റർക്ക് നൽകുക. അപേക്ഷയിൽ പഠിച്ച വർഷം കാണിച്ചിരിക്കണം. അപേക്ഷിക്കുന്ന ദിവസം തന്നെ സേവനം ലഭ്യമാകും.

<u>വോട്ടർ പട്ടികയിലും, റേഷൻ കാർഡിലും പേര് ചേർക്കുന്നതിന് ജനനതീയതി കാണിക്കുന്ന സർട്ടിഫിക്കറ്റ്</u>

വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച പഠന വർഷം വ്യക്തമാക്കിക്കൊണ്ട് ഹെഡ്മാസ്റ്റർക്ക് അപേക്ഷിക്കുക. അപേക്ഷിക്കുന്ന ദിവസം തന്നെ സേവനം ലഭ്യമാകും.

<u>വിടുതൽ സർട്ടിഫിക്കറ്റ്</u>

റ്റി.സി.ആവശ്യപ്പെടുന്നതിനുള്ള വ്യക്തമായ കാരണം കാണിക്കുന്ന അപേക്ഷ രക്ഷകർത്താവ് ഹെഡ്മാസ്റ്റർക്ക് നല്കണം. അന്വേഷണം അവശ്യമില്ലെങ്കിൽ അന്നുതന്നെ സർട്ടിഫിക്കറ്റ് ലഭ്യമാണ്. ഫീസില്ല.

| സേവനം ലഭ്യമാകുന്ന സ്ഥാപനം :അംഗനവാടികൾ | | | |
|---|---|---|---|
| | ആരോഗ്യ പോഷണ വിദ്യാഭ്യാസം | 15നും 45നും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകൾക്ക് | 1 മാസംസൗജന്യം |
| | അനൗപചാരിക പ്രാഥമിക വിദ്യാഭ്യാസം | 3-6 വയസ്സ് പ്രായമായ കുട്ടികൾ | അതതുദിനം പ്രവേശനം സൗജന്യം |
| | അനുപൂരക പോഷകാഹാര വിതരണം | ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾ, 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾ | 7 ദിവസം |

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>

1. പഞ്ചായത്തിൽ നൽകേണ്ട മുഴുവൻ നികുതികളും ഫീസുകളും നിശ്ചിത സമയത്തിനകം അടച്ച് രസീത് വാങ്ങേണ്ടതാണ്.
2. കോർട്ട് ഫീ സ്റ്റാമ്പ് പതിക്കേ അപേക്ഷകൾ, 5 രൂപയുടെ സ്റ്റാമ്പ് പതിച്ച് വേണം നൽകുവാൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർ സമർപ്പിക്കുമ്പോൾ സ്റ്റാമ്പ് പതിക്കേണ്ടതില്ല. പകരം അവരുടെ ജാതി വിവരം അപേക്ഷയിൽ കാണിക്കണം.
3. നിയമത്തിലും ചട്ടത്തിലും ഉത്തരുവുകളിലും ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ഈ രേഖയിലും മാറ്റങ്ങൾ ആവശ്യമായി വരും. അപ്രകാരമുള്ള മാറ്റങ്ങളോടെ രേഖ തുടർന്ന് പുതുക്കാവുന്നതാണ്.
4. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് (*tax.lsgkerala.gov.in*) ലഭിക്കുന്നതാണ്. കെട്ടിട നികുതി ഈപേയ്മെന്റ് (*tax.lsgkerala.gov.in*) ഓൺലൈൻ വഴി അടവാക്കാവുന്നതാണ്.

ജനന-മരണ- വിവാഹ സർട്ടിഫിക്കറ്റുകൾ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ ഓൺലൈൻ വഴി (*ksmart.lsgkerala.gov.in) എന്ന സൈറ്റില് നിന്നും* പഞ്ചായത്തിലെ ഓൺലൈൻ വഴി (*https://citizen.lsgkerala.gov.in/) എന്ന സൈറ്റില് നിന്നും* ലഭിക്കുന്നതാണ്.

**************************************

<u>*Ward Map – Ayyampuzha Grama Panchayat*</u>

